ESTABLISHED IN 1965

# പയ്യന്നൂർ കോളേജ്, പയ്യന്നൂർ

(കണ്ണൂർ യൂണിവേഴ്സിറ്റി അംഗീകൃതം, നാക് 'ബി പ്ലസ്' അംഗീകാരം)

എടാട്ട് പി.ഒ. കണ്ണൂർ ജില്ല 670 327, ഫോൺ : 0497 2805121, 2805521

ഇ-മെയിൽ: payyanurcollege@rediffmail.com ; വെബ്സൈറ്റ്: www.payyanurcollege.ac.in

പ്രേഷകൻ

പ്രിൻസിപ്പാൾ

## അതിഥി അധ്യാപക ഒഴിവ് - വിജ്ഞാപനം

07.05.2024

പയ്യന്നൂർ കോളേജിൽ 2024-'25 അധ്യയനവർഷം മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മാനേജ്മെൻറ് സ്റ്റഡീസ് എന്നീ വിഭാഗങ്ങളിൽ അതിഥി അധ്യാപകരെ ആവശ്യമുണ്ട്. കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ കോളേജ് വെബ്സൈറ്റിൽ (www.payyanurcollege.ac.in) കൊടുത്തിട്ടുള്ള ലിങ്ക് വഴി (https://docs.google.com/forms/d/e/1FAIpQLSebQ0sCD8V8xwwWCDLAOZ58ym-wTSWWtpIH0hDlC3g5yxIfXA/viewform?vc=0&c=0&w=1&flr=0) **2024 മെയ് 17**-നകം രജിസ്റ്റർ ചെയ്യേണ്ടതാണ്.

### നിയമനം സംബന്ധിച്ച വിശദാംശങ്ങൾ:

1. ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ 09.09.2023 തീയതിയിലെ സ.ഉ.(സാധാ)നം.1355/2023/HEDN നമ്പർ ഉത്തരവിൻറെ അടിസ്ഥാനത്തിലാണ് അതിഥി അധ്യാപകരെ നിയമിക്കുക.
2. താഴെ കൊടുത്ത സമയക്രമം പ്രകാരമാണ് അഭിമുഖം നടത്തുക. അസാധാരണ സാഹചര്യത്തിൽ സമയക്രമത്തിൽ വല്ല മാറ്റവും ഉണ്ടാകുകയാണെങ്കിൽ ആ വിവരം രജിസ്റ്റർ ചെയ്യുന്ന സമയത്തു നൽകുന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കുന്നതായിരിക്കും.

| വിഷയം (എണ്ണം) | തീയതി; സമയം |
|---|---|
| മാത്തമാറ്റിക്സ് (2)<br>ഇംഗ്ലീഷ് (2)<br>ബോട്ടണി (3) | 24-05-2024 : 10.00 am<br>" : 11.00 am<br>" : 02.00 pm |
| സുവോളജി (1)<br>മലയാളം (1)<br>ഹിന്ദി (1)<br>മാനേജ്മെൻറ് സ്റ്റഡീസ് (1) | 25-05-2024 : 10.00 a m<br>" : 11.00 a m<br>" : 12.00 noon<br>" : 02.00 p m |

3. യു.ജി.സി. റഗുലേഷൻ പ്രകാരമുള്ള വിശദമായ അപേക്ഷ അഭിമുഖത്തിന് വരുമ്പോൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ തപാൽ വഴി അയക്കേണ്ടതില്ല. അപേക്ഷാഫോറം കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്.
4. അഭിമുഖത്തിന് ഹാജരാകുമ്പോൾ യോഗ്യതകൾ തെളിയിക്കുന്ന എല്ലാ അസ്സൽ രേഖകളും (യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്. അസ്സൽ രേഖകൾ ഹാജരാക്കാത്ത യോഗ്യത റാങ്കിങ്ങിന് പരിഗണിക്കുന്നതല്ല. യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഒരു ഫോട്ടോകോപ്പി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. അസ്സൽ രേഖകളുടെ പരിശോധനക്കായി അഭിമുഖ സമയത്തിന് അര മണിക്കൂർ മുമ്പ് കോളേജിൽ ഹാജരാകേണ്ടതാണ്.

പയ്യന്നൂർ കോളേജ് കണ്ണൂർ ജില്ല 670327 പയ്യന്നൂർ

പ്രിൻസിപ്പാൾ
പയ്യന്നൂർ കോളേജ്
പയ്യന്നൂർ